# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 262** **23.01.2018-ൽ**

മറുപടിക്ക്

## പള്ളിക്കൽ സി.എച്ച്.സി.യിലെ കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുവാൻ നടപടി

**ചോദ്യം** **മറുപടി**

**ശ്രീ.വി. ജോയി** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ദിനംപ്രതി 400-ൽ അധികം രോഗികൾ ചികിത്സക്ക് എത്തുന്ന വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി.യിൽ കിടത്തി ചികിത്സ സൗകര്യം അനുവദിച്ചിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞുവെങ്കിലും കെട്ടിടത്തിന്റെ അഭാവം മൂലം കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കി ആരോഗ്യ വകുപ്പിൽ അയച്ചിട്ടുള്ള രൂപരേഖ പ്രകാരം ആവശ്യമുള്ള ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | എ) | 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കൽ കമ്മ്യൂണിറ്റി മെഡിക്കൽ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ, 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുള്ളതിനാൽ പള്ളിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**